"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദ സഞ്ചാര വകുപ്പ് - ജീവനക്കാര്യം - ആലുവ ഗസ്റ്റ് ഹൗസ്- കാർ ക്ലീനർ തസ്തിക- ശ്രീ. അമൽ രാജ് എസ്.ആർ നെ ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.186/2024/TSM തീയതി,തിരുവനന്തപുരം, 22-03-2024

---

പരാമർശം:-
1. 02.11.2023-ലെ സ.ഉ.(സാധാ) നം.573/2023/ടൂറിസം.
2. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 01.01.2024ലെ DOT/9132/2023-E5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലുവ ഗവണ്മെന്റ് ഗസ്റ്റ് ഹൗസിനു കീഴിൽ പ്രവർത്തിക്കുന്ന ഗാരേജിലെ കാർ ക്ലീനർ തസ്തികയിലെ ഒഴിവിൽ ശ്രീ. അമൽ രാജ് എസ്.ആർ നെ ദിവസവേതനാടിസ്ഥാനത്തിൽ 01.03.2023 മുതൽ 90 ദിവസത്തേക്ക് നിയമിച്ച നടപടിക്ക് വകുപ്പിൽ നിന്നും സാധൂകരണം നൽകിയിരുന്നു. പ്രസ്തുത കാലാവധിക്ക് ശേഷം ശ്രീ. അമൽ രാജ് എസ്.ആർ നെ 01.06.2023 മുതൽ 179 ദിവസത്തേക്ക് തുടരുന്നതിനു പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത കാലാവധി 26.11.2023 നു അവസാനിച്ചിരിക്കുന്നതിനാലും സ്റ്റേറ്റ് കാറുകളുടെ ക്ലീനിംഗിനായി കാർ ക്ലീനർ തസ്തികയിലെ സേവനം അനിവാര്യമായതിനാലും ശ്രീ. അമൽ രാജ് എസ്.ആർ നെ 02.12.2023 മുതൽ തുടരുന്നതിനുള്ള അനുമതി നൽകണമെന്ന് വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്റ്റേറ്റ് കാറുകളുടെ ക്ലീനിംഗിനായി കാർ ക്ലീനർ തസ്തികയിലെ സേവനം അനിവാര്യമാണെന്നതിനാൽ താല്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി ശ്രീ. അമൽ രാജ് എസ്.ആർ നെ ആലുവ ഗവൺമെൻറ് ഗസ്റ്റ് ഹൗസിനു കീഴിൽ പ്രവർത്തിക്കുന്ന ഗാരേജിലെ കാർ ക്ലീനർ

തസ്തികയിൽ **02.12.2023** മുതൽ **179** ദിവസത്തേക്ക് ദിവസവേതന അടിസ്ഥാനത്തിൽ തുടരുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ തസ്തികയിൽ സ്ഥിര നിയമനം നടക്കാൻ കാലതാമസം ഉണ്ടാകുന്ന പക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താല്ക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികൾ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ് , തിരുവനന്തപുരം
ശ്രീ. അമൽ രാജ് എസ്.ആർ (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് **I/II**) കേരള, തിരുവനന്തപുരം
ധനകാര്യ (വ്യയം ബി) വകുപ്പ് **[16.03.2024** ലെ **2533386**/വ്യയം-ബി**2/313/2023**-ധന. നമ്പർ റിമാർക്സ് പ്രകാരം]
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ടൂർ-എ**1/9/2024**)

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 25-03-2024 11:00:29
സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്